MALAYALAM

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു [1] [പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ളിക്കായി] സംവിധാനം ചെയ്യുവാനും അതിലെ പൗരൻമാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും** ;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും** ;

പദവിയിലും അവസരത്തിലും **സമത്വവും** ;

സംപ്രാപ്തമാക്കുവാനും ;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും ;

സഗൗരവം തീരുമാനിച്ചിരിക്കയാൽ ;

നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

---

1 1976-ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ളിക്" എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

2 മേൽപറഞ്ഞ ആക്റ്റ്, 2-ാംവകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).